# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം

# തെറ്റിപ്പോയ (മുടിയൻ) പുത്രൻ



എഴുതിയത് : Edward Hughes

ഉദാഹരണം : Lazarus

അംഗികരിച്ചത് : Ruth Klassen; Sarah S.

തർജ്ജിമ ചെയ്യുതത് : Rev. Benny

നിർമ്മിച്ചത് : Bible for Children
www.M1914.org

©2014 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.



ദൈവം പാപക്ഷമ നല്കുന്നവനാണ്
എന്നതിനെക്കുറിച്ച് പറയുവാൻ യേശു
അധികം ഇഷ്ടപ്പെട്ടിരുന്നു.
എന്നാൽ യേശു പാപികളോട്
സുഹൃത്ബന്ധം
സ്ഥാപിക്കുന്നതിൽ
യഹൂദ നേതാക്കന്മാർ
പരാതിപ്പെട്ടു.



അതുകൊണ്ട്, പാപികൾ തങ്ങളുടെ
പാപം ഏറ്റുപറഞ്ഞ് മടങ്ങിവരുമ്പോൾ
ദൈവം എത്രയധികം സന്തോഷിക്കും
എന്ന് കാണിക്കുവാൻ
യേശു അവരോട് മൂന്ന്
കഥകൾ പറഞ്ഞു.

നൂറ് ആടുകൾ ഉള്ള
ഒരു മനുഷ്യന്റെ
കഥ ആയിരുന്നു
ആദ്യത്തേത്.

ഒരു ആട് നഷ്ടപ്പെട്ടു.
ഉടൻ തന്നെ അദ്ദേഹം
തൊണ്ണൂറ്റി ഒമ്പത്
ആടുകളെയും വിട്ടിട്ട്
നഷ്ടപ്പെട്ടുപോയ
ആ ഒരു ആടിനെ
അന്വേഷിച്ചു
പുറപ്പെട്ടു.





ആടിനെ
കണ്ടെത്തുന്നതുവരെയും
ആ ഇടയൻ അതിനെ
തിരഞ്ഞുതിരഞ്ഞു നടന്നു.
എന്നിട്ടവൻ അതിനെ തന്റെ
തോളത്തുവച്ചുകൊണ്ട്
സന്തോഷത്തോടെ വീട്ടിൽ
കൊണ്ടുവന്നു.



പിന്നെയവൻ തന്റെ
സുഹൃത്തുക്കളോടു
പറഞ്ഞു: "കാണാതെപോയ
എന്റെ ആടിനെ
കണ്ടുകിട്ടിയിരിക്കുന്നതിനാൽ
എന്നോടുകൂടെ
സന്തോഷിക്കുവിൻ."

ഒരു പാപി മാനസാന്തരപ്പെട്ടു വരുമ്പോൾ സ്വർഗത്തിൽ വലിയ സന്തോഷമാണെന്ന് യേശു അവർക്ക് വിശദീകരിച്ചു കൊടുത്തു. മാനസാന്തരപ്പെടുക എന്നു പറഞ്ഞാൽ തങ്ങളുടെ പാപത്തെ ഏറ്റുപറയുകയാണ്. ഇനി ഒരിക്കലും പാപം ചെയ്യാതെ പൂർണമായി വിട്ടുപോരുന്ന അവസ്ഥ!





പത്ത് വെള്ളിനാണയങ്ങൾ ഉണ്ടായിരുന്ന ഒരു സ്ത്രീയുടെ കഥയായിരുന്നു യേശു രണ്ടാമത് പറഞ്ഞത്. ഒരുപക്ഷേ അത് അവളുടെ മുഴുവൻ സമ്പാദ്യമാകാം. വളരെ ദുഃഖകരമായ ഒരു കാര്യം സംഭവിച്ചു. അവളുടെ ഒരു നാണയം നഷ്ടപ്പെട്ടിരിക്കുന്നു.

തൂത്തുവാരി! തൂത്തുവാരി! തൂത്തുവാരി!
ആ സ്ത്രീ എല്ലായിടത്തും പരതി.



ഒടുവിൽ അവൾ നഷ്ടപ്പെട്ട നാണയം
കണ്ടെത്തി. അവൾക്ക് ഭയങ്കര സന്തോഷമായി.
അവൾ എന്താണ് ചെയ്തതെന്ന് നിങ്ങൾക്ക്
ഊഹിക്കാമോ? അതേ, അവൾ തന്റെ
സുഹൃത്തുക്കളെയും അറിയിച്ചു!





യേശു തുടർന്നു,
“ഒരു പാപി
മാനസാന്തരപ്പെട്ടു
വരുമ്പോൾ
ദൈവത്തിന്റെ
ദൂതന്മാരുടെ
സന്നിധിയിലും
അധികം
സന്തോഷമാണ്
ഉണ്ടാകുന്നത്.”

യേശു മൂന്നാമത് പറഞ്ഞത്
അതിവേദനാജനകമായ ഒരു
കഥയായിരുന്നു. തന്റെ
പിതാവിന്റെ ഭവനം വിട്ടു
പുറപ്പെട്ടു പോയ ഒരു
മകനെക്കുറിച്ചാണത്.



ദൂരെയുള്ള ഒരു രാജ്യത്ത് അവൻ തന്റെ പണമെല്ലാം ബുദ്ധിഹീനമായി വിനിയോഗിച്ചു. ഇനി അവൻ എന്തുചെയ്യും. കൂനിന്മേൽ കുരു എന്നപോലെ ആ ദേശത്ത്  ക്ഷാമവും വന്നു. അവൻ പട്ടിണികൊണ്ട് ചത്തുപോകയേ ഉള്ളൂ.



കൊടും പട്ടിണികൊണ്ടു പൊരിഞ്ഞപ്പോൾ അവനു ഒരു ജോലി കിട്ടി: പന്നികളെ മേയിക്കുക! അവന് ആരും ഒന്നും കൊടുത്തില്ല. അങ്ങനെ പന്നി തിന്നുന്ന തീറ്റി അവനും സന്തോഷത്തോടെ തിന്നുകാണും.



അതേ, അവൻ തിന്നു! ഒടുവിൽ അവനു ബോധം വന്നു "വീട്ടിൽ വേലക്കാരുപോലും എത്ര സുഭിക്ഷമായാണ് ഭക്ഷിക്കുന്നത്" അവൻ ചിന്തിച്ചു.





“ഞാൻ എന്റെ വീട്ടിൽ പോകും,
എന്റെ പാപങ്ങൾക്ക് ഞാൻ
പിതാവിനോട് ക്ഷമ ചോദിക്കും.
ഞാൻ ഇനിയും അവന്റെ
മകനായിരിക്കുവാൻ
യോഗ്യനല്ല. തന്റെ
വേലക്കാരിൽ
ഒരാളായി
അവൻ എന്നെ
സ്വീകരിക്കുമെന്നു
ഞാൻ
പ്രതീക്ഷിക്കുന്നു.”

അവൻ വീട്ടിലേക്ക് പോകുമ്പോൾ, വളരെ ദൂരത്തു വച്ചു തന്നെ അവൻ വരുന്നത് അവന്റെ പിതാവു കണ്ടു. വളരെ സന്തോഷത്തോടെ ആ പിതാവ് മകനെ എതിരേല്ക്കുവാൻ ഓടിച്ചെന്നു. അവൻ തന്റെ മകനെ കെട്ടിപ്പിടിച്ച് ചുംബിച്ചു.





“അപ്പാ ഞാൻ പാപം
ചെയ്തിരിക്കുന്നു.
ഇനി നിന്റെ മകൻ
ആയിരിക്കുവാൻ
ഞാൻ യോഗ്യനല്ല.”
അപ്പന്റെ വേലക്കാരിൽ
ഒരാളായി അവനെ
കൈക്കൊള്ളണമെന്നു
പറയുവാൻ അവൻ
ആഗ്രഹിച്ചു. എന്നാൽ
അപ്പൻ അതു പറയാൻ
അനുവദിച്ചില്ല.



“ഏറ്റവും നല്ല ഉടുപ്പ്
കൊണ്ടുവരുവിൻ, പുതിയ
ചെരുപ്പ് കൊണ്ടുവരുവിൻ,
എന്റെ മകനുവേണ്ടി മോതിരം
കൊണ്ടുവരുവിൻ, വലിയൊരു
വിരുന്നൊരുക്കുവിൻ.”

കാണാതെപോയ തന്റെ മകനെ കണ്ടെത്തിയതുകൊണ്ട്
അവിടെ മനോഹരമായ ഒരു വിരുന്നാണ് നടത്തിയത്.



മാനസാന്തരപ്പെടുകയും തന്റെ അടുക്കൽ വരികയും ചെയ്യുന്ന പാപികളെ ദൈവം സ്നേഹിക്കുകയും കൈക്കൊള്ളുകയും ചെയ്യുമെന്ന് കാട്ടിക്കൊടുക്കുവാനാണ് യേശു ഈ കഥ പറഞ്ഞത്.



തെറ്റിപ്പോയ (മുടിയൻ) പുത്രൻ

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ലൂക്കൊസ് 15

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും
ചെയുക. യോഹന്നാൻ 3:16